# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# സഭാപ്രതിനിധി മണ്ഡലം 2017

# അദ്ധ്യക്ഷപ്രസംഗം

### മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

ദൈവകൃപയുടെ അനുഗ്രഹാശിസുകൾ ഏറ്റുവാങ്ങി, ജന്മശതാബ്ദിയുടെ ധന്യതയിൽ ആത്മീയമായും സാമൂഹികമായും, സാംസ്കാരികമായും സഭയിലും പൊതു സമൂഹത്തിലും ഉജ്ജ്വല വ്യക്തി പ്രഭാവം പുലർത്തുന്ന സർവ്വാദരണീയനായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനി, സഹോദര മേൽപ്പട്ടക്കാരെ, വൈദികരെ, സഭാകൗൺസിൽ അംഗങ്ങളെ, മണ്ഡലാംഗങ്ങളെ, സന്ദർശകരായി എത്തിച്ചേർന്നിരിക്കുന്നവർ ഉൾപ്പെടെയുള്ള വിശ്വാസസമൂഹമെ, നിങ്ങൾക്കേവർക്കും ക്രിസ്തുയേശുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹവന്ദനം.

"നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പ് കാരമില്ലാതെ പോയാൽ അതിന് എന്തെന്നുകൊണ്ട് രസം വരുത്താം? പുറത്ത് കളഞ്ഞിട്ട് മനുഷ്യൻ ചവിട്ടുവാനല്ലാതെ മറ്റൊന്നിനും പിന്നെ കൊള്ളുന്നതല്ല. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്ക് കത്തിച്ച് പറയിൻകീഴല്ല തണ്ടിന്മേലത്രെ വയ്ക്കുന്നത്; അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ. 5:13-16) എന്ന് ഒരു ഗിരിപ്രഭാഷണത്തിലൂടെ ശിഷ്യന്മാരോട് പ്രഖ്യാപിക്കുകയും കാൽവറി എന്ന മറ്റൊരു ഗിരിമുകളിൽ മാനവരാശിയ്ക്കുവേണ്ടി കുരിശിൽ യാഗമായിതീർന്ന് സ്വർഗസ്ഥനായ തന്റെ പിതാവിനെ മഹത്വപ്പെടുത്തുകയും ലോകത്തിന് ദൈവത്തിന്റെ മനുഷ്യമുഖം സ്നേഹത്തിന്റെ മഹത്വപ്രകാശമായി വെളിപ്പെടുത്തുകയും ചെയ്ത നമ്മുടെ കർത്താവും ദൈവവുമായ ക്രിസ്തുയേശുവിന്റെ ശരീരമായ ആഗോള ക്രൈസ്തവ സഭയുടെ ഭാഗമായിരിക്കുന്ന മലങ്കര മാർത്തോമ്മാ സുറിയാനിസഭയുടെ 2017-20 കാലഘട്ടത്തിലെ സഭാ പ്രതിനിധിമണ്ഡലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവരും നിയമിതരുമായിരിക്കുന്ന നിങ്ങളെ ഏവരേയും സഭാപ്രതിനിധിമണ്ഡലത്തിന്റെ പ്രഥമ യോഗത്തിലേക്ക് സൗഹൃദത്തോടെ സ്വാഗതം ചെയ്യുന്നു. ഈ സഭാ പ്രതിനിധി മണ്ഡലത്തിന്റെ ആദ്യ സമ്മേളനത്തിൽ സന്നിഹിതരായിരിക്കുന്ന ബഹുമാന്യരായ മണ്ഡലാംഗങ്ങളെ അഭിസംബോധന ചെയ്യുവാൻ ദൈവം നൽകിയ കൃപയുടെ ധന്യത ഓർത്തും ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവകൃപയുടെ ബലം ഉൾക്കൊണ്ടും സർവ്വശക്തനായ ദൈവത്തിന് സ്തോത്രം കരേറ്റുന്നു.

അഖിലലോക സഭാ കൗൺസിൽ ഈ നൂറ്റാണ്ടിന് സമ്മാനിച്ച രണ്ട് പ്രാർത്ഥനകൾ നമ്മുടെ സഭാ പ്രതിനിധി മണ്ഡലത്തിന്റെ 2017-20 കാലഘട്ടത്തിലെ ചിന്തകൾക്കും പ്രവർത്തനങ്ങൾക്കും അജയ്യമായ ആത്മചൈതന്യം പകരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഒന്നാമത്തെ സമ്മേളനം വിശ്വാസ സമൂഹത്തിന്റെ ഹൃദയത്തിൽ ഉണർത്തിയതായ പ്രാർത്ഥന ഇപ്രകാരമായിരുന്നു - "കൃപാകരനായ കർത്താവേ, തവ കൃപയാൽ ഭൂലോകത്തെ രൂപാന്തരപ്പെടുത്തേണമേ". നമ്മുടെ ചിന്തയിലും ധ്യാനത്തിലും പ്രാർത്ഥനയിലും എല്ലായ്പ്പോഴും ഏറെ ധന്യത പകരുന്ന ഒരു പ്രാർത്ഥനയായി ഈ പ്രാർത്ഥന മാറേണ്ടതായിട്ടുണ്ട്. ഒരു ചിത്രശലഭപ്പുഴു എന്നും ഒരു ചിത്രശലഭപ്പുഴുവായി മാത്രം തുടർന്നാൽ ആ ജീവിതം അതിന്റെ പൂർണ്ണതയിൽ എത്തുകയില്ല. എന്നാൽ ഒരു ചിത്രശലഭപ്പുഴു കൊക്കൂൺ എന്ന അതിന്റേതായ ധ്യാനനിലയത്തിൽ ധ്യാനലീനനായി ഇരുന്ന ശേഷം ഒരു ചിത്രശലഭമായി രൂപാന്തരപ്പെടുമ്പോൾ അത് ഏറ്റവും മനോഹരമായ ഒരു പുതിയ സൃഷ്ടിയായി മാറുകയാണ്. ഓരോ വിശ്വാസിക്കും ഇത്തരത്തിലൊരു രൂപാന്തരത്തിന്റെ അനുഭവം ഉണ്ടാകണം. പുതിയ അറിവുകൾ തേടിയതുകൊണ്ടോ പുതിയ അറിവുകൾ നേടിയതുകൊണ്ടോ മാത്രം സംഭവിക്കുന്നതല്ല രൂപാന്തരം, ശരിയായ രൂപാന്തരം ഒരു ആയിത്തീരലിന്റെ അനുഭവമാണ്. അതൊരു പുതിയ സൃഷ്ടിയായി ആയിത്തീരുന്ന അനുഭവമാണ്. "പുതിയ രൂപമായി ഞങ്ങൾ രൂപാന്തരപ്പെട്ട് വിശ്വാസമാകുന്ന ശോഭയുള്ള ദീപശിഖയുമായി വിവേകവും ജ്ഞാനവുമുള്ളവരുടെ കൂടെ പുതിയ ലോകത്തിലേക്ക് പുതിയ മനുഷ്യരായി യാത്ര ചെയ്യത്തക്കവണ്ണം ഞങ്ങൾ നിനക്ക് ശ്രേഷ്ഠവും നിഷ്കളങ്കവുമായ ആട്ടിൻകൂട്ടമായി തീരുമാറാകേണമെ" എന്ന് നമ്മുടെ ആരാധനാക്രമത്തിൽ ചേർത്തിരിക്കുന്ന പ്രാർത്ഥന രൂപാന്തരത്തെക്കുറിച്ചുള്ള ജീവസുറ്റ ഒരു ദർശനമാണ് നമുക്ക് സമ്മാനിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ വചനധ്യാനത്തിന്റെയും പ്രാർത്ഥനയുടെയും തപസിലൂടെ ക്രിസ്തുവിൽ പുതിയ സൃഷ്ടികളായി രൂപാന്തരപ്പെടുന്ന അനുഭവം നമ്മുടെ അനുദിനജീവിത അനുഭവമായി

തീരേണ്ടിയിരിക്കുന്നു. അഖിലലോക സഭാകൗൺസിലിന്റെ കഴിഞ്ഞ സമ്മേളനം വിശ്വാസസമൂഹത്തിന്റെ മുമ്പിൽ കാഴ്ചവെച്ച പ്രാർത്ഥന ജീവചൈതന്യദായകമായിരുന്നു. “ജീവന്റെ ദൈവമേ, നീതിയുടെയും സമാധാനത്തിന്റെയും മാർഗ്ഗത്തിലൂടെ ഞങ്ങളെ നടത്തേണമെ” എന്നായിരുന്നു ആ പ്രാർത്ഥന. ജീവന്റെ ഉണർവ്വോടും ചൈതന്യത്തോടും കൂടി ക്രിസ്തുവിലൂടെ ലഭ്യമാകുന്ന സമൃദ്ധിയായ ജീവന്റെ അനുഭവത്തിൽ നീതിബോധമുള്ളവരായും സമാധാനമുണ്ടാക്കുന്നവരായും തീരുന്നതിലൂടെയാണ് നമുക്ക് ലോകത്തിന്റെ മുമ്പിൽ ഒരു സാക്ഷ്യത്തിന്റെ പാത തെളിക്കുവാൻ സാധിക്കുന്നത്. മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ ‘ഗീതാഞ്ജലി’യിലെ ഒരു പ്രാർത്ഥന വളരെ ഹൃദയസ്പർശിയാണ്. ടാഗോർ ഇപ്രകാരമാണ് പ്രാർത്ഥിച്ചത് -

“എന്റെ ജീവന്റെ ജീവനായ ദൈവമേ, അങ്ങയുടെ ജീവനസ്പർശം
എന്റെ സർവ്വാംഗങ്ങളിലും ഉണ്ടെന്നറിഞ്ഞ് ഞാൻ അവ സദാ സംശുദ്ധമാക്കി വയ്ക്കാം.
എന്റെ ചിത്തത്തിനുള്ളിൽ യുക്തിയുടെ ദീപം കൊളുത്തിവെച്ച ഉൺമ അങ്ങാണെന്നറിഞ്ഞ്
എന്റെ ചിന്തകളിൽ നിന്ന് ഞാൻ എല്ലാ മിഥ്യകളും അകറ്റി നിർത്താം.
എന്റെ ഹൃദയത്തിന്റെ ശ്രീകോവിലിലാണ് അങ്ങയുടെ ഇരിപ്പിടം എന്നറിഞ്ഞ്,
ഞാൻ എല്ലാ തിന്മകളും ദൂരീകരിച്ച് എന്റെ സ്നേഹം പുഷ്പസമാനമാക്കി വയ്ക്കാം.
അങ്ങയുടെ ശക്തിയാണ് എനിക്ക് കർമ്മശേഷി പകരുന്നതെന്നറിഞ്ഞ്
എന്റെ പ്രവൃത്തികളിലൂടെ അങ്ങയെ പ്രത്യക്ഷമാക്കാൻ ഞാൻ പ്രയത്നിക്കാം”.

ടാഗോർ പ്രാർത്ഥിച്ചതുപോലെ ആത്മശുദ്ധീകരണത്തിലൂടെയും ദൈവീകമായ ശക്തി ആർജ്ജിക്കുന്നതിലൂടെയും ജീവസുറ്റ സാക്ഷ്യം ഈ ലോകത്തിന് നൽകുവാനാണ് നാം ആഗ്രഹിക്കേണ്ടതും പ്രാർത്ഥിക്കേണ്ടതും. ലവോദിക്യയിലെ സഭയോട് യോഹന്നാൻ ശ്ലീഹായിലൂടെ ക്രിസ്തു സംസാരിച്ചത് “നീ ഉഷ്ണവാനുമല്ല ശീതവാനുമല്ല ശീതവാനോ ഉഷ്ണവാനോ ആയിരുന്നുവെങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്ന് ഉമിണ്ണ് കളയും” (വെളി. 3:15,16) എന്ന ശാസന ഇന്ന് പലപ്പോഴും നമ്മോടുള്ള കർത്താവിന്റെ ഒരു മുന്നറിയിപ്പായി നാം എല്ലാവരും ഉൾക്കൊള്ളേണ്ടതല്ലേ എന്ന് ചിന്തിക്കുക. കർത്താവ് ആ സഭയോട് പറഞ്ഞത് “ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു” എന്നാണ്. ലവോദിക്യ എന്ന പട്ടണം ഒരു പണമിടപാട് കേന്ദ്രം എന്ന നിലയിലും കമ്പിളിരോമം ഉപയോഗിച്ചുള്ള തുണി നിർമ്മാണ കേന്ദ്രം എന്ന നിലയിലും കണ്ണുരോഗചികിത്സയുടെ ഒരു പ്രധാന കേന്ദ്രം എന്ന നിലയിലും പ്രശസ്തി ആർജ്ജിച്ച ഒരു പട്ടണമായിരുന്നു. ആത്മീയ കാര്യങ്ങളിൽ ഒന്നും താൽപര്യമില്ലാതെ, ചുറ്റുപാടും നടക്കുന്നതൊന്നും തിരിച്ചറിയാതെ, ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ചൊന്നും ചിന്തിക്കാതെ കഴിഞ്ഞു കൂടുന്ന ലവോദിക്യായിലെ സഭ എല്ലാം കാണുകയും അറിയുകയും ചെയ്യുന്ന കർത്താവിന്റെ ദൃഷ്ടിയിൽ ജീവചൈതന്യം നഷ്ടപ്പെട്ട ഒരു സഭയായിരുന്നു. മൂല്യങ്ങൾ ചോർന്നുപോയ സഭയായിരുന്നു ലവോദിക്യായിലെ സഭ. ധനവാനെന്ന് പുറമെ ഭാവിക്കുമ്പോഴും ആന്തരികമായി ദരിദ്രാവസ്ഥയിലായിരുന്നു ആ സഭ. ആരോഗ്യവാനെന്ന് ഭാവിക്കുമ്പോഴും രോഗാതുരമായിരുന്നു അതിന്റെ അവസ്ഥ. ദർശനം നഷ്ടപ്പെട്ട സഭയായിരുന്നു ലവോദ്യയിലെ സഭ. ദർശനം നഷ്ടപ്പെട്ട സഭയ്ക്ക്, രോഗാതുരമായ സഭയ്ക്ക്, കർത്താവ് നൽകുന്ന മരുന്ന് എന്താണെന്ന് 18-ാം വാക്യത്തിൽ വ്യക്തമാക്കുന്നുണ്ട് - “നീ സമ്പന്നനാകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതെവണ്ണം ധരിക്കേണ്ടതിന് വെള്ളയുടുപ്പും നിനക്ക് കാഴ്ച ലഭിക്കേണ്ടതിന് കണ്ണിലെഴുതുവാൻ ലേപവും എന്നോടു വിലയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു” എന്നാണ് കർത്താവ് അരുളിച്ചെയ്യുന്നത്. ലവോദിക്യ സഭയുടെ പ്രശ്നപരിഹാരത്തിന് കർത്താവ് നിർദ്ദേശിക്കുന്ന ഈ മൂന്നു കാര്യങ്ങൾ നമ്മുടെ ഈ കാലഘട്ടത്തിലും ഏറെ പ്രസക്തമാണ്. മൂന്ന് വാഗ്ദാനങ്ങളാണ് കർത്താവ് പ്രശ്നപരിഹാരത്തിനായി നിർദ്ദേശിക്കുന്നത്.

**(1) തീയിൽ ഊതിക്കഴിച്ച പൊന്ന്** : പൊന്ന് ശുദ്ധീകരിക്കപ്പെടുന്നതും തിളക്കമുള്ളതായി തീരുന്നതും തീയിൽ ഊതിക്കഴിക്കുമ്പോഴാണല്ലോ. വിശ്വാസ സമൂഹത്തെ സംബന്ധിച്ചും ഈയൊരു ആത്മശുദ്ധീകരണം ഏറെ അനിവാര്യമാണ്. ലോകത്ത് പലയിടങ്ങളിലും വിശ്വാസികൾ ഇന്ന് കഷ്ടതയുടെയും പീഡനങ്ങളുടെയും അഗ്നിശോധനയിലൂടെ കടന്നുപോകുകയാണ്. നമ്മുടെ രാജ്യത്തും വിശ്വാസസംബന്ധമായ കാര്യങ്ങളിൽ എതിർപ്പുകൾ സൃഷ്ടിച്ച് ഭാരതത്തിന്റെ മതേതരത്വസ്വഭാവത്തെ കളങ്കപ്പെടുത്തുവാൻ ചിലരെങ്കിലും ശ്രമിച്ചുകൊണ്ടാണിരിക്കുന്നത്. എന്നാൽ ഇവയുടെയെല്ലാം മദ്ധ്യത്തിൽ തളർന്നുപോകാതെ, തീയിൽ ഊതിക്കഴിച്ച പൊന്നുപോലെ സാക്ഷ്യത്തിന്റെ തിളക്കം ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തുവാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു.

**(2) ‘നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതെവണ്ണം ധരിക്കേണ്ടതിന് വെള്ളയുടുപ്പ്’** നൽകുമെന്നാണ് കർത്താവ് ലവോദിക്യയിലെ സഭയോടു രണ്ടാമതായി പറയുന്നത്. കമ്പിളിവസ്ത്രങ്ങൾക്ക് പേരുകേട്ട ലവോദിക്യയിൽ ലഭ്യമായ ഏറ്റവും വിലകൂടിയ കമ്പിളി വസ്ത്രത്തിനു പോലും അവരുടെ പാപ

ത്തിന്റെ നഗ്നതയെ മറയ്ക്കുവാൻ കഴിയുകയില്ല എന്നാണ് കർത്താവ് വ്യക്തമാക്കുന്നത്. എന്നാൽ ഈ പ്രശ്നത്തിന് പരിഹാരമായി കർത്താവു നിർദ്ദേശിക്കുന്നത് നീതിയുടെയും വിശുദ്ധിയുടെയും പുതിയ വെള്ളയുടുപ്പ് അവർക്ക് നൽകാമെന്നാണ്. വിശുദ്ധ വേദപുസ്തകത്തിൽ പുതിയ ഉടുപ്പ് പുതിയ ഒരു ജീവിതത്തെയാണ് സൂചിപ്പിക്കുന്നത്. 'ധൂർത്ത പുത്രന്റെ ഉപമ'യിൽ പിതാവ് മടങ്ങി വരുന്ന ഇളയ പുത്രന് നൽകുന്ന പുതിയ അങ്കി പുതിയ ഒരു ജീവിതത്തിലേക്കുള്ള പ്രവേശനത്തെയാണ് സൂചിപ്പിക്കുന്നത്. ക്രിസ്തുവിന്റെ രക്തത്താൽ വിലയ്ക്കു വാങ്ങിയ പുതിയ വെള്ളയുടുപ്പ് കർത്താവ് നമുക്ക് നൽകുവാൻ തയ്യാറായി നിൽക്കുമ്പോൾ ആ വെൺമ വസ്ത്രം ഏറ്റുവാങ്ങി ധരിച്ച് വിശുദ്ധിയിൽ ശുഭ്രവസ്ത്രധാരികളായി നമുക്ക് പുതിയ സൃഷ്ടികളായി ജീവിക്കാൻ കഴിയണം.

**(3) "നിനക്കു കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലയ്ക്കു വാങ്ങുവിൻ" എന്നാണ് കർത്താവ് ലവോദിക്യാ സഭയോടു പറയുന്ന മൂന്നാമത്തെ നിർദ്ദേശം.** കാണേണ്ടതു കാണേണ്ടതുപോലെ കാണേണ്ട സമയത്തും കാണേണ്ട വിധത്തിലും കാണുന്നതിനെയാണ് ശരിയായ കാഴ്ച എന്നു പറയുന്നത്. ആ അർത്ഥത്തിൽ ലവോദിക്യായിലെ സഭ തിമിരം ബാധിച്ച സഭയാണ്. ലവോദിക്യ പട്ടണം അക്കാലത്തെ ഏറ്റവും പ്രശസ്തമായ കണ്ണുരോഗ ചികിൽസാ കേന്ദ്രമായിരുന്നു എന്നു നാം ഓർക്കണം. കണ്ണിന്റെ അന്ധത മാറ്റുവാനുള്ള ലേപം അവിടെ അന്നു ലഭിക്കുമായിരുന്നു. എന്നാൽ ഇതൊന്നും അവരുടെ ആത്മീയ അന്ധതയ്ക്കു പരിഹാരമല്ല എന്ന് ക്രിസ്തു വ്യക്തമാക്കുകയാണ്. നമ്മുടെ ആത്മീയ അന്ധത മാറ്റുവാൻ ദൈവം നമ്മുടെ അന്തർനേത്രങ്ങൾക്കു നൽകുന്ന ലേപമാണ് ദൈവത്തിന്റെ വചനം. കാണേണ്ട കാര്യങ്ങൾ കാണേണ്ടതുപോലെ കാണേണ്ട സമയത്തും കാണേണ്ട വിധത്തിലും കാണുവാൻ ദൈവവചനം നമ്മെ ശക്തീകരിക്കും. ഇന്നു ദൈവവചനം പഠിക്കുവാനും ഉൾക്കൊള്ളുവാനും നാം എത്രമാത്രം ജാഗ്രത പുലർത്തുന്നുണ്ട് എന്ന് ഗൗരവപൂർവം ചിന്തിക്കേണ്ടതാണ്. 'ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു' എന്ന് ലവോദിക്യാ സഭയോടു പറഞ്ഞ കർത്താവ് ഇന്ന് നമ്മുടെയും ഹൃദയവാതിൽക്കൽ നിന്നു മുട്ടിവിളിക്കുകയാണ്. തീയിൽ ഊതിക്കഴിച്ച പൊന്നാക്കി നമ്മെ രൂപപ്പെടുത്തുവാനും പുതിയൊരു ജീവിതത്തിലേക്കുള്ള പ്രവേശനത്തിൽ നമുക്ക് അണിയുവാനായി വെള്ളയുടുപ്പ് സമ്മാനിക്കുവാനും ശരിയായ കാഴ്ച ലഭിക്കുന്നതിന് കണ്ണിൽ എഴുതുവാനുള്ള ലേപം നൽകുവാനും നമ്മോടൊപ്പം ഒരുമിച്ചിരുന്ന് ജീവിതവിരുന്ന് ആസ്വദിക്കുവാനുമായി കർത്താവ് ഇന്ന് തയ്യാറായി നിൽക്കുമ്പോൾ നമുക്കുവേണ്ടി ജീവൻ നൽകിയവനു വേണ്ടി നാം വാതിൽ തുറന്നു കൊടുത്തില്ലായെങ്കിൽ ലവോദിക്യാ സഭയോടു കർത്താവു പറഞ്ഞതുപോലെ 'ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാകയിൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും' എന്ന ന്യായവിധിക്ക് വിധേയപ്പെടേണ്ടിവരും എന്ന കാര്യം നാം വിസ്മരിക്കരുത്. ഇങ്ങനെയൊരു ന്യായവിധിയ്ക്കു വേണ്ടിയല്ല, പിന്നെയോ 'ജയിക്കുന്നവനു ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ വരം നൽകും; ഞാനും ജയിച്ച് എന്റെ പിതാവിനോടു കൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതു പോലെ തന്നെ' (വെളിപ്പാട് 3:21) എന്ന വാഗ്ദാനത്തിനും മഹത്വകരമായ പദവിയ്ക്കുമായിട്ടത്രെ നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

ഈ മണ്ഡലത്തിന്റെ പഠനവിഷയമായി നാം തിരഞ്ഞെടുത്തിരിക്കുന്നത് 'ആദ്ധ്യാത്മികത: മതമൗലികവാദത്തിന്റേയും വർഗ്ഗീയതയുടേയും പശ്ചാത്തലത്തിൽ' എന്നാണല്ലോ. ആദ്ധ്യാത്മികതയുടെ പൊരുൾ എന്താണ്? തന്റെ പരസ്യശുശ്രൂഷയുടെ വേളയിൽ യേശുവും ശമര്യാക്കാരത്തി സ്ത്രീയും തമ്മിലുള്ള സംവാദത്തിൽ ആദ്ധ്യാത്മികതയുടെ പൊരുൾ എന്താണെന്ന് നമ്മുടെ കർത്താവ് വ്യക്തമാക്കി കൊടുക്കുന്നുണ്ട്. യേശു പറഞ്ഞു - "തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കണമെന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു. അവനെ നസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം" (യോഹ. 4:23-24). ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവർ നിശ്ചയമായും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരായിരിക്കും. ഒരു വ്യക്തിയുടെ ആദ്ധ്യാത്മികത ലോകം തിരിച്ചറിയുന്നത് ആ വ്യക്തി പുറപ്പെടുവിക്കുന്ന ആത്മാവിന്റെ ഫലങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണ്. "ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിജയം: ഈ വകയ്ക്ക് വിരോധമായി ഒരു ന്യായപ്രമാണവുമില്ല" (ഗലാ. 5:22-23) എന്നാണ് അപ്പൊസ്തലനായ വിശുദ്ധ പൗലോസ് സാക്ഷ്യപ്പെടുത്തുന്നത്. സ്നേഹത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മകതയ്ക്കു മാത്രമേ ഒരു നവലോക സൃഷ്ടിയ്ക്ക് ചാലകശക്തിയായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. സ്നേഹത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയ്ക്കു മാത്രമേ കാലത്തിന്റെ വെല്ലുവിളികളെ അതിജീവിച്ച് നിലനിൽക്കുവാൻപോലും കഴിയുകയുള്ളൂ. കാരണം വിശുദ്ധ യോഹന്നാൻ ശ്ലീഹാ പറഞ്ഞതുപോലെ ദൈവം സ്നേഹമാണ്. "താൻ കണ്ടിട്ടുള്ള സഹോദരനെ സ്നേഹിക്കാത്തവന് കണ്ടിട്ടില്ലാത്ത ദൈവത്തെ സ്നേഹിപ്പാൻ കഴിയുന്നതല്ല. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെ സ്നേഹിക്കണം എന്നീ കൽപന നമുക്ക് അവങ്കൽ നിന്ന് ലഭിച്ചിരിക്കുന്നു" (യോഹന്നാൻ 4:20).

സ്നേഹരഹിതമായ ആദ്ധ്യാത്മീകത മതമൗലീകവാദത്തിലേക്കും വർഗീയതയിലേക്കും നയിച്ചുകൊണ്ടിരിക്കും. ലോകമിന്ന് സംഘർഷങ്ങളുടെ അരങ്ങേറ്റ ഭൂമിയായി മാറിക്കഴിഞ്ഞിരിക്കുന്നു. വർഗീയവാദവും മതമൗലികവാദവും ഭീകരവാദവും വിഘടനവാദവും ഛിദ്രവാസനകളും ലോകാന്തരീക്ഷത്തെ തന്നെ ഒരു തീപ്പൊയ്കയാക്കിത്തീർത്തിരിക്കുകയാണ്. ഈ തീപ്പൊയ്കയിലേക്കു വിദ്വേഷത്തിന്റെ എണ്ണ പകർന്ന് പ്രശ്നത്തെ കൂടുതൽ ആളിക്കത്തിക്കുവാൻ മതമൗലികവാദികളും പല ഭീകരവാദ പ്രസ്ഥാനങ്ങളും ബോധപൂർവം തന്നെ ശ്രമിച്ചു വരികയാണ്. ഇക്കാലത്ത് അരങ്ങേറുന്ന യുദ്ധങ്ങൾക്കും യുദ്ധസന്നാഹങ്ങൾക്കും പിറകിൽ പലപ്പോഴും അദൃശ്യശക്തികളായി പ്രവർത്തിക്കുന്നത് ഭീകരവാദപ്രസ്ഥാനങ്ങളാണ് എന്ന വസ്തുത നാം തിരിച്ചറിയാതെ പോകരുത്. പെൺകുട്ടികളുടെ വിദ്യാഭ്യാസം എന്ന മൗലികമായ അവകാശത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ മലാല എന്ന പെൺകുട്ടിക്ക് മതമൗലീകവാദികളിൽ നിന്നും വെടിയുണ്ടകൾ ഏൽക്കേണ്ടി വന്നുവെങ്കിൽ, ആ വെടിയുണ്ടകൾ മാനവികതയ്ക്ക് ഏൽപിച്ച മുറിവുകളിൽ നിന്ന് ഇപ്പോഴും ചോരയും കണ്ണീരും വാർന്നുകൊണ്ടിരിക്കുന്നു എന്നതൊരു യാഥാർത്ഥ്യമത്രേ. എന്നാൽ മലാല എന്ന പെൺകുട്ടി അത്യാസന്നനിലയിൽ നിന്നു വിടുതൽ പ്രാപിച്ചതിനുശേഷം പറഞ്ഞ വാക്കുകൾ മാനവികതയെ സ്നേഹിക്കുന്ന, നല്ല മനഃസാക്ഷിയുള്ള ഏവരുടെയും ഹൃദയത്തിൽ അനുദിനം പ്രതിധ്വനിക്കേണ്ടതാണ്. “എനിക്കു പഠിക്കണം. അറിവെന്ന ആയുധം പ്രയോഗിക്കാൻ നല്ല പരിശീലനം നേടുകയും വേണം. അപ്പോഴെനിക്ക് എന്റെ ദൗത്യത്തിനായി കൂടുതൽ ഫലപ്രദമായി പോരാടാൻ സാധിക്കും. ഓരോ മനുഷ്യജീവിയെയും സന്തോഷത്തിന്റെ തൂമന്ദഹാസവുമായി കാണുക എന്നത് എന്റെ ആശയാണ്”. നീതിയെ സ്നേഹിക്കുന്ന, സമാധാനത്തെ സ്നേഹിക്കുന്ന, പ്രകാശം പരത്തുന്ന ആ പെൺകുട്ടിയുടെ വാക്കുകൾ യഥാർത്ഥ ആദ്ധ്യാത്മികതയുടെ നന്മ ഉൾക്കൊണ്ട വാക്കുകളാണ്. മലാലയെപ്പോലെ അനേകം കുട്ടികൾ സ്വപ്നം കാണുന്ന ഒരു നവലോകം യാഥാർത്ഥ്യമായിത്തീരണമെങ്കിൽ സഭയും സമൂഹവും രാഷ്ട്രവുമെല്ലാം ഒരുമിച്ചു നിന്ന് ഏകോദര സാഹോദര്യത്തോടെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഇന്നത്തെ ലോകത്തിനു അറിവുകൊടുക്കുവാൻ വളരെയധികം സംവിധാനങ്ങളുണ്ട്. സഭയ്ക്ക് സഭയുടേതായ ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ട്. എന്നാൽ അറിവു പകരുന്നതിനോടൊപ്പം ദിശാബോധത്തിന്റെ വെളിച്ചം കൊടുക്കുവാനും പോകേണ്ട പാതയിലൂടെ പോകേണ്ടതെങ്ങനെയെന്ന് മാതൃകയായി നിന്നുകൊണ്ട് വെളിപ്പെടുത്തിക്കൊടുക്കുവാനുമുള്ള ദൗത്യം സഭയ്ക്കുണ്ട് എന്ന സത്യം നാം വിസ്മരിക്കരുത്. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും സ്വാർത്ഥതയുടെയും അന്ധകാരം പരക്കുന്ന ഇടങ്ങളിൽ സ്നേഹത്തിന്റെ വെളിച്ചവുമായി കടന്നുചെല്ലുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ‘Lighted to Lighten’ എന്നതാണല്ലോ സഭയുടെ മുദ്രയിൽ രേഖപ്പെടുത്തിയിരിക്കുന്ന സന്ദേശം. പ്രകാശം നൽകാനായി പ്രകാശിതരായിക്കുന്നു എന്ന ഈ അവബോധം നമ്മുടെ ഹൃദയങ്ങളിൽ എല്ലായ്പ്പോഴും ജ്വലിച്ചു പ്രകാശിക്കണം. നമ്മുടെ സഭയുടെ എംബ്ളത്തിലെ കുരിശ് പാപത്തിന്റെ അന്ധകാരത്തിൽ നിന്നും നമ്മെ വിമോചിപ്പിക്കുവാൻ തന്റെ പുത്രനെ പരമയാഗമായി അർപ്പിച്ച ദൈവത്തിന്റെ സ്നേഹത്തെയും നമുക്കു ജീവനുണ്ടാകുവാനും സമൃദ്ധിയായി ജീവനുണ്ടാകുവാനും തന്നെത്തന്നെ യാഗമായി സമർപ്പിച്ച പുത്രന്റെ സ്നേഹത്തെയും പ്രഘോഷിക്കുന്നതാണ്. നമുക്ക് നിത്യരക്ഷ പ്രദാനം ചെയ്യുന്ന കൃപാകരനായ ഈ ക്രിസ്തുവാണ് ലോകത്തിനുള്ള സഭയുടെ സുവിശേഷം. മുദ്രയിൽ കാണുന്ന മൺവിളക്കും നമ്മെ ഓർമ്മിപ്പിക്കുന്നത് നാം ആയിരിക്കുന്ന ഇടങ്ങളിൽ വെളിച്ചം കൊടുക്കുവാനുള്ള നമ്മുടെ ദൗത്യത്തെക്കുറിച്ചാണ്. ഓരോ വിശ്വാസിയിലും പരിശുദ്ധാത്മാവ് എന്ന എണ്ണ പകരപ്പെടുകയും കർത്താവു തന്നെ വിളക്കു തെളിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് നമുക്കു കർത്താവിന്റെ മൺവിളക്കുകളായി ലോകത്തിന് വെളിച്ചം കൊടുക്കാൻ കഴിയുന്നത്. നമ്മുടെ എംബ്ളത്തിലെ മറ്റൊരു പ്രതീകം താമരയാണ്. സൂര്യൻ ഉദിച്ചുയരുമ്പോഴാണല്ലോ ഓരോ രാത്രിയും അസ്തമിച്ച് പ്രഭാതം കടന്നു വരുന്നത്. എന്നാൽ അന്ധകാരം മാറ്റുക എന്ന ഒരു ധർമ്മം മാത്രമല്ല സൂര്യപ്രകാശം നിർവഹിക്കുന്നത് എന്നു നാം പ്രത്യേകമായി ഓർക്കണം. സൂര്യനുദിക്കുമ്പോൾ പൂക്കൾ വിടരുകയും ജീവജാലങ്ങളെല്ലാം ഉണരുകയും ചെയ്യും. സൂര്യനുദിക്കുമ്പോഴാണ് താമര വിരിയുന്നത്. നമ്മുടെ എംബ്ളത്തിലെ താമര നമ്മെ പഠിപ്പിക്കുന്നത് ഈ വലിയ പാഠമാണ്. ‘ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു’ എന്ന് അരുളിച്ചെയ്തവനായ നമ്മുടെ കർത്താവ് അന്ധകാരത്തെ നീക്കുന്നവൻ മാത്രമല്ല, താമരപ്പൂക്കൾ സൂര്യപ്രകാശത്തിൽ വിരിയുന്നതുപോലെ നമ്മുടെ ജീവിതങ്ങളും വിരിഞ്ഞ് പരിമളം പരത്തുവാൻ തക്കവണ്ണം നമുക്ക് വെളിച്ചത്തിന്റെ ഊർജ്ജം പകരുന്നവനാണ്. കർത്താവിൽ ഏറെ വാത്സല്യമുള്ള ദൈവജനമേ, സൂര്യശോഭയിൽ വിരിയുന്ന പൂക്കളെപ്പോലെ ക്രിസ്തുശോഭയിൽ വിരിയുന്ന പൂക്കളായി ലോകത്തിനു സ്നേഹസുഗന്ധം കൊടുക്കുവാനും നന്മയുടെ പൂന്തേൻ പകരുവാനും നമുക്കും കഴിയണമെന്നാണ് സഭയുടെ എംബ്ളം നമ്മെ എല്ലായ്പ്പോഴും ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നത് എന്ന വസ്തുത നാം വിസ്മരിച്ചുപോകരുത്.

സഭ അതിന്റെ ദൗത്യത്തിൽ വളരുന്നത് ലോകമെങ്ങും കർത്താവിന്റെ സാക്ഷികളായി ക്രിസ്തു എന്ന സുവിശേഷത്തെ പ്രഘോഷിക്കുന്നതിലൂടെയാണ്. ഈ കഴിഞ്ഞ സംവൽസരം വലിയവനായ ദൈവം സുവിശേഷഘോഷണത്തിനായി പുതിയപുതിയ വാതിലുകൾ നമുക്കായ് തുറന്നുതന്നതോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. "ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും; അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും. മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രെ ഞാൻ വന്നിരിക്കുന്നത്" (യോഹ. 10:9,10) എന്ന് അരുളിച്ചെയ്ത ക്രിസ്തു എന്ന വാതിലിലൂടെ നാം കടന്ന് കർത്താവ് നമുക്കുവേണ്ടി തുറന്നു തരുന്ന സുവിശേഷഘോഷണത്തിനായുള്ള പുതിയ വാതിലുകളിലൂടെ പ്രവേശിക്കുമ്പോൾ നാം സമൃദ്ധിയായ ജീവന്റെ ഓഹരിക്കാരായിത്തീരുക മാത്രമല്ല നാം ചെന്നു ചേരുന്ന ഇടങ്ങളിൽ ആ സമൃദ്ധിയായ ജീവചൈതന്യം പകരുന്നവരായിത്തീരുവാനും നമുക്കു സാധിക്കും. ആഫ്രിക്കയിൽ നൈജീരിയായിൽ ഒരു ഇടവക സ്ഥാപിതമാകണമെന്നുള്ള നമ്മുടെ പ്രാർത്ഥനയ്ക്ക് ദൈവം ഇപ്പോൾ ഉത്തരം നൽകിയിരിക്കുകയാണ്. അവിടെ ഒരു ഇടവക സ്ഥാപിക്കുവാനും അവിടേക്ക് ഒരു പട്ടക്കാരനെ നിയോഗിക്കുവാനും നമുക്കു സാധിച്ചു. ദക്ഷിണാഫ്രിക്കയിൽ ജോഹന്നാസ് ബർഗിന് സമീപമുള്ള പ്രിട്ടോറിയായിൽ മാർത്തോമ്മാ സഭയുടെ ദക്ഷിണാഫ്രിക്കയിലെ ആദ്യ ദൈവാലയത്തിനായി സ്ഥലം വാങ്ങി പള്ളിപണി പൂർത്തീകരിക്കുവാൻ കഴിഞ്ഞു എന്നത് എത്രയോ സന്തോഷകരമായ ഒരു അനുഭവമാണ്. ആ പള്ളിയുടെ കൂദാശ ഉടനെ നടക്കുന്നതാണ്. കഴിഞ്ഞ കുറേ നാളുകളായി കനേഡിയൻ മാർത്തോമ്മാ ഇടവക ഒരു പുതിയ ദൈവാലയനിർമ്മിതിയിൽ വ്യാപൃതരായിരിക്കുകയായിരുന്നു. ആയതിന്റെ നിർമ്മാണം പൂർത്തിയായി കൂദാശ നടത്തുന്നതിന് സജ്ജമായിക്കൊണ്ടിരിക്കുന്നു എന്ന വസ്തുത സന്തോഷപൂർവം അറിയിച്ചുകൊള്ളട്ടെ.

ഇക്കഴിഞ്ഞ സംവൽസരം നമ്മുടെ സഭയിലെ നിരവധി പള്ളികളിൽ ജൂബിലി ആഘോഷങ്ങൾ നടത്തപ്പെട്ട ഒരു സംവൽസരമായിരുന്നു. രജത ജൂബിലി, കനകജൂബിലി, വജ്രജൂബിലി, ശതാബ്ദി, ശതോത്തര ജൂബിലി എന്നിങ്ങനെ പല ജൂബിലികളും പല ഇടവകകളും ആചരിച്ചു കഴിഞ്ഞു. ഇംഗ്ലണ്ടിലുള്ള നമ്മുടെ സഭ ഡയമണ്ട് ജൂബിലിയുടെ നിറവിലെത്തി നിൽക്കുന്നു എന്നതും ഏറ്റവും സന്തോഷകരവും ധന്യവുമായ ഒരു അനുഭവമത്രെ. ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യ (സി.സി.എ) യും ഡയമണ്ട് ജൂബിലി നിറവിലാണ്. നവീകരണദർശനം ജനങ്ങളിൽ എത്തിക്കുവാൻ ആരംഭിച്ചതായ മലങ്കര സഭാതാരക ശതോത്തരരജതജൂബിലി ആചരിക്കുന്ന സന്ദർഭം കൂടിയാണിത്. സഭയെ ദൈവം നടത്തിയ വഴികളെ നന്ദിപൂർവം ഓർക്കുവാനും ഇത്രത്തോളം നടത്തിയ സർവശക്തനായ ദൈവത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുവാനും നമ്മുടെ സമർപ്പണം പുതുക്കുവാനും പുതുദർശനത്തോടുകൂടി മുന്നോട്ടു പോകുവാനും സൽപ്രേരണകൾ നൽകുന്ന അനുഭവമായി ജൂബിലി ആഘോഷങ്ങൾ തീരട്ടെ എന്നു ആശിക്കുന്നു. ഇംഗ്ലണ്ടിൽ മാർത്തോമ്മാ സഭ സ്ഥലം വാങ്ങി നിർമ്മിക്കുവാൻ പോകുന്ന പള്ളിയുടെ ശിലാസ്ഥാപനം നടന്നുകഴിഞ്ഞു. ആനപ്രമ്പാൽ മാർത്തോമ്മാ പള്ളിയുടെ അത്യാധുനികമായ രീതിയിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ പ്രതീക്ഷകൾക്കപ്പുറമായി വളരെ വേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നതും പ്രത്യേകം പ്രസ്താവ്യമത്രെ.

തിരുവല്ലായിലെ പൂലാത്തിനിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിപ്പാൻ കഴിഞ്ഞു. പൂലാത്തീൻ നിർമ്മാണപ്രവർത്തനങ്ങളിൽ ആദിയോടന്തം വ്യാപരിച്ച ദൈവകൃപയ്ക്കായി നമുക്കു ദൈവത്തിനു സ്തോത്രം കരേറ്റാം. നമുക്കു ലഭിച്ച ദൈവകൃപയെ അനുസ്മരിച്ച്, ഭവനരഹിതരായ അഞ്ചുപേരെ കണ്ടെത്തി, സ്പോൺസർമാരിൽ നിന്നു ലഭിച്ച അഞ്ചുലക്ഷം രൂപാ വീതം ചെലവഴിച്ച്, തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ സമീപത്തുള്ള ഇടവകകളുമായി സഹകരിച്ച് ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്. ആദ്യവീട് ഇപ്പോൾ കൂദാശയ്ക്ക് സജ്ജമായിരിക്കുകയാണ്. അഞ്ചു ലക്ഷം രൂപാ വീതം സ്പോൺസർ ചെയ്യാൻ കൂടുതൽ പേർ തയ്യാറായാൽ കൂടുതൽ പേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നമുക്കു സഹായഹസ്തമേകാൻ സാധിക്കും എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. നൂറു വർഷത്തിലധികം പഴക്കമുള്ള തിരുവല്ലായിലുള്ള പഴയ പൂലാത്തീന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായുള്ള ക്രമീകരണങ്ങൾ ഇപ്പോൾ നടന്നുവരികയാണ്.

നമ്മുടെ സംസ്ഥാന നിയമസഭ 60-ാം വാർഷികത്തിന്റെ ധന്യതയിൽ എത്തിയിരിക്കുകയാണല്ലോ. നമ്മുടെ സംസ്ഥാനത്ത് മാറിമാറി വന്ന ഗവർമെന്റുകൾ എല്ലാം തന്നെ ജനക്ഷേമകരമായ ധാരാളം പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിൽ നമ്മുടെ സംസ്ഥാന നിയമസഭ നൽകിയിട്ടുള്ള ദിശാബോധം പ്രത്യേകം പ്രസ്താവ്യമാണ്. എന്നാൽ മാറിമാറി വരുന്ന ഗവൺമെന്റുകൾ ജനങ്ങൾ തങ്ങളിൽ അർപ്പിക്കുന്ന വിശ്വാസത്തിന്റെ ഉന്നതനിലവാരത്തിലേക്ക് ഉയരുന്നുണ്ടോ എന്നത് ആത്മപരിശോധന നടത്തേണ്ടതായിട്ടുണ്ട്. ഓരോ പുതിയ ഗവൺമെന്റും കേരളത്തിൽ അധികാരത്തിൽ വരുമ്പോൾ കാണുന്ന ഒരു പ്രവണത വേദനാജനകമാണെന്ന് പറയേണ്ടിയിരിക്കുന്നു. ജനക്ഷേമകരമായ പുതിയ കാര്യങ്ങൾ നടപ്പിലാക്കുന്ന

തിനേക്കാളും മുൻഗവൺമെന്റിന്റെ ഭൂതകാല ചെയ്തികളുടെ വിഴപ്പലക്കൽ പ്രക്രിയയ്ക്ക് കൂടുതൽ ശ്രദ്ധ നൽകുന്നു എന്നതാണ് ഖേദകരമായ ഒരു വസ്തുത. ഒരു ഗവൺമെന്റ് അധികാരത്തിലെത്തിയാൽ പിന്നീട് പ്രവർത്തിക്കേണ്ടത് ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വിവേചനം കൂടാതെ സമസ്ത ജന തയുടെയും നന്മ ലാക്കാക്കി വേണം. ഭരണപക്ഷത്തിനുവേണ്ടി ഭരണപക്ഷത്താലുള്ള ഭരണ പക്ഷത്തിന്റെ ഭരണമാണ് ജനാധിപത്യം എന്നല്ല, ജനങ്ങൾക്കുവേണ്ടി ജനങ്ങളാലുള്ള ജനങ്ങളുടെ ഭരണമാണ് ജനാ ധിപത്യം എന്നാണ് മഹാനായ ഏബ്രഹാം ലിങ്കൺ ജനാധിപത്യത്തെ നിർവചിച്ചത് എന്ന് എല്ലാവരും ഓർക്കേണ്ടതാണ്. 'എല്ലാം ശരിയാക്കാം' എന്നു പ്രഖ്യാപിച്ച് ജനങ്ങളുടെ ഉറച്ച പിന്തുണ നേടി ഉറച്ച ഭൂരിപക്ഷത്തോടുകൂടി അധികാരത്തിലെത്തിയ ഇപ്പോഴത്തെ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിത ലക്ഷ്യ ത്തിനനുസരിച്ച് പരിവർത്തനോന്മുഖമായ പ്രവർത്തനങ്ങളിൽ കൂടുതൽ വ്യാപരിക്കുവാൻ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു എന്ന് ഓർമ്മിപ്പിക്കട്ടെ.

"മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്കു തുല്യ നത്രേ" (സങ്കീ. 49:20) എന്ന സങ്കീർത്തനവാക്യം നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്ത നങ്ങളാണ് ഇന്ന് സമൂഹത്തിലും സഭയിലും നാം നിരന്തരം കണ്ടുകൊണ്ടിരിക്കുന്നത് എന്നതൊരു യാഥാർത്ഥ്യമത്രെ. ഇന്ന് കേരളത്തിൽ തഴച്ചു വളരുന്ന പ്രധാന വ്യവസായങ്ങളായി വിവാദവ്യവസായവും അപവാദ വ്യവസായവും മാറിയിരിക്കുകയാണ്. സമൂഹത്തിനു ദിശാബോധവും മൂല്യബോധവും നൽകേണ്ട സാമൂഹ്യ മാധ്യമങ്ങൾ പോലും ഇന്ന് ദുരുപയോഗം ചെയ്യപ്പെടുന്നതുമൂലം അതിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. ഇന്ത്യയിൽ പലയിടങ്ങളിലും സ്ത്രീകളും കുട്ടികളും പാർശ്വവൽക്കരിക്കപ്പെട്ടവരും നിരന്തരം പീഡനങ്ങൾക്കു വിധേയമാകുന്നു എന്നത് വേദനാ ജനകമായ ഒരു അനുഭവമത്രേ. സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള വ്യക്തിഹത്യയും സ്വഭാവഹത്യയും നമ്മുടെ ഇന്നത്തെ സമൂഹത്തിന്റെ ജീർണ്ണാവസ്ഥയെയാണ് വെളിപ്പെടുത്തുന്നത്. സമൂഹത്തിൽ നിന്നും ഇത്തരത്തിലുള്ള ദുഷിച്ച പ്രവണതകൾ സഭയിലേക്കും കടന്നുവന്നുകൊണ്ടിരിക്കുന്നു എന്നത് ആശങ്കാ ജനകമായ ഒരു വസ്തുതയത്രേ. പട്ടക്കാരും അത്മായരും ഇത്തരം ദുഷ്പ്രേരണകൾക്ക് വശംവദരായി ത്തീരാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം അത്തരം പ്രലോഭനങ്ങളുടെ കടന്നു കയറ്റം നമ്മുടെ ആത്മീയ ജീവിതത്തെ ജീർണ്ണതയിലേക്കു നയിക്കും എന്നു മാത്രമല്ല, നമ്മുടെ ചുറ്റുപാ ടുകളെയും രോഗാതുരമാക്കിത്തീർക്കുകയും ചെയ്യും.

സഭയുടെ വിവിധ മേഖലകളിൽ തിരഞ്ഞെടുക്കപ്പെട്ട സമിതികൾ രൂപം കൊണ്ടുവരികയാണല്ലോ. സഭയുടെ ചുമതലാസ്ഥാനങ്ങളിലേക്കു കടന്നുവരുന്നവർ അതൊരു ദൈവവിളിയായും നിയോഗമായും കണ്ട് ഉത്തരവാദിത്വങ്ങൾ നിർവഹിക്കുവാൻ ശ്രദ്ധിക്കണം എന്ന് ഓർമ്മിപ്പിക്കട്ടെ. സഭയുടെ തിരഞ്ഞെ ടുപ്പുകൾ അപവാദപ്രചരണങ്ങളിലൂടെ വ്യക്തി വിദ്വേഷത്തിന്റെ വിഷം വമിപ്പിക്കാനുള്ള മുഖാന്തിരങ്ങ ളായി കാണാതെ അപ്പൊസ്തലനായ വിശുദ്ധ പൗലോസ് പറയുന്നതുപോല "ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ച് നടക്കുകയും ചെയ്ക. നാം അന്യോന്യം പോരിനു വിളിച്ചും അന്യോന്യം അസൂയപ്പെട്ടും കൊണ്ട് വൃഥാഭിമാനികളാകരുത്" (ഗലാ. 5:25,26).

സർക്കാരിന്റെ നിയമങ്ങൾ പാലിക്കുവാൻ നമ്മുടെ സഭയിലെ എല്ലാ സ്ഥാപനങ്ങളും കടപ്പെട്ടാണി രിക്കുന്നത്. ഉത്തരവാദിത്വങ്ങളെല്ലാം കൃത്യതയോടും സൂക്ഷ്മതയോടും വിശ്വസ്തതയോടും കൂടെ നിർവ്വ ഹിക്കുവാൻ ചുമതലാസ്ഥാനങ്ങൾ വഹിക്കുന്നവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതത്രെ. അൽപത്തിൽ വിശ്വ സ്തനെ അധികത്തിനു വിചാരകനാക്കുന്ന ദൈവം അല്പത്തിൽ അവിശ്വസ്തത കാണിക്കുന്നവനിൽ നിന്ന് അവനുള്ളതും കൂടെ എടുത്തു കളയും എന്നത് താലന്തുകളുടെ ഉപമയിലൂടെ നമ്മുടെ കർത്താവു തന്നെ വ്യക്തമാക്കിയിട്ടുള്ളത് നാം ഓർക്കേണ്ടതത്രെ.

നമ്മുടെ മാർത്തോമ്മാ മാനേജ്മെന്റിന്റെ എല്ലാ സ്കൂളുകളും ഇപ്പോൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു എന്നതിൽ സഭയ്ക്ക് വലിയ അഭിമാനമുണ്ട്. നല്ല റിസൾട്ട് നേടുന്നതിനും പാഠ്യപാഠ്യാ നുബന്ധപ്രവർത്തനങ്ങളിൽ ഉന്നതമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനും നേതൃത്വം നൽകിയ പ്രിൻസി പ്പൽമാരേയും പ്രഥമാദ്ധ്യാപകരെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകമായി അഭിനന്ദി ക്കുന്നു. ഇക്കഴിഞ്ഞ മൂന്നു വർഷക്കാലം മാനേജ്മെന്റിന് കാര്യക്ഷമമായും ഊർജ്ജസ്വലതയോടെയും നേതൃത്വം നൽകിയ മാനേജർ ഡോ. സൂസമ്മ മാത്യുവിനെ പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ കറ്റാനം ആശുപത്രിയിൽ കാർഡിയോ വാസ്കുലർ ഡിപ്പാർട്ടമെന്റ് ആരംഭിക്കുവാനുള്ള സജ്ജീകരണങ്ങൾ ആരംഭിച്ചു. ഈ ഡിപ്പാർട്ടുമെന്റിൽ നിർദ്ധനരായ രോഗികളുടെ ചികിൽസയ്ക്ക് മുൻഗ ണന നൽകിവരുന്നു. ഈ ചികിൽസയ്ക്കുള്ള വർദ്ധിച്ച ചെലവ് പരിഗണിക്കുമ്പോൾ സ്പോൺസർമാ രായി സുമനസുകൾ മുമ്പോട്ടു വന്നെങ്കിൽ മാത്രമേ നിർദ്ധനരായ രോഗികൾക്ക് സഹായഹസ്തം ഏകാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ സുമനസുകളുടെ കൂടുതൽ സഹകരണം പ്രതീക്ഷിക്കുന്നു. കറ്റാനത്തെ

നേഴ്സിംഗ് കോളേജും ഫാർമസി കേളേജും ഹോസ്കോട്ടുള്ള നേഴ്സിംഗ് കോളേജും നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു എന്നത് അഭിമാനകരമത്രെ. നമ്മുടെ കുമ്പനാട്ടുള്ള ജീറിയാട്രിക് സെന്ററും അഭിമാനകരമായ രീതിയിൽ പ്രവർത്തിച്ചു വരുന്നുവെന്നതും പ്രത്യേകം പ്രസ്താവ്യമത്രെ.

നമ്മുടെ രാജ്യമായ ഭാരതം സ്വാതന്ത്ര്യത്തിന്റെ 70 സംവൽസരങ്ങൾ പിന്നിട്ടിരിക്കുകയാണല്ലോ. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി മരിച്ച ധീരദേശാഭിമാനികളുടെ ധന്യസ്മരണകൾക്കു മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാം. അക്രമരാഹിത്യത്തിന്റെ സമരമാർഗ്ഗത്തിലൂടെ നാം നേടിയ സ്വാതന്ത്ര്യം നിതാന്ത ജാഗ്രതയോടുകൂടി സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ഓരോ ഭാരതീയനുമുണ്ട്. ഇന്നത്തെ അക്രമരാഷ്ട്രീയ പ്രവർത്തനങ്ങൾ നമ്മുടെ സ്വാതന്ത്ര്യത്തിന്റെ മഹനീയമായ ശോഭ കെടുത്തിക്കളയുന്നില്ലേ എന്ന് നാം ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ശോഭയ്ക്ക് മങ്ങലേൽപിക്കാതിരിക്കാൻ സഭയ്ക്കും സമൂഹത്തിനും രാഷ്ട്രത്തിനും വലിയ ഉത്തരവാദിത്വം ഉണ്ട്. നമ്മുടെ രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും നൂറ്റാണ്ടുകളായി നാം പാലിച്ചു പോന്ന മതസാഹോദര്യത്തെയും അപകടത്തിലാക്കുന്ന ഛിദ്രവാസനകൾ ഇന്ന് നമ്മുടെ രാജ്യത്ത് പലയിടങ്ങളിലും വർദ്ധിച്ചു വരുന്നത് തടയുവാൻ കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റുകളും ഭാരതജനതയും ഒരുമിച്ച് നിന്ന് പ്രവർത്തിച്ചില്ലായെങ്കിൽ അരാജകത്വത്തിന്റെ നാളുകളെ നാം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുന്നത് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. 1947 ആഗസ്റ്റ് 14–ാം തീയതി അർദ്ധരാത്രിയിൽ പകുതി ലോകവും അർദ്ധനിദ്രയിലാണ്ടിരുന്ന വേളയിൽ ഭാരതം സ്വാതന്ത്ര്യത്തിന്റെ ഒരു പുതിയ കാലഘട്ടത്തിലേക്ക് ഉദിച്ചുയരുവാൻ തുടങ്ങിയ നിമിഷങ്ങളിൽ ഇന്ത്യയുടെ സമാദരണീയനായ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു ചെയ്ത പ്രൗഢോജ്ജ്വലമായ പ്രസംഗത്തിൽ പറഞ്ഞ വാക്കുകൾ ഇന്നും നമ്മുടെ ചിന്തയിലും ജീവിതത്തിലും നിരന്തരം പ്രതിധ്വനിച്ചുകൊണ്ടിരിക്കേണ്ടതാണ്. ആ ചരിത്രമുഹൂർത്തത്തെ സാക്ഷി നിർത്തി നെഹ്രു അന്ന് പറഞ്ഞു – “നാം പഴയതിൽ നിന്ന് ചുവടുവെച്ചിറങ്ങി പുതിയതിലേക്ക് കടക്കേണ്ട സന്ദർഭം വന്നിരിക്കുന്നു. ഒരു യുഗം അവസാനിക്കുകയും ദീർഘകാലം അടിച്ചമർത്തപ്പെട്ട ഒരു രാഷ്ട്രത്തിന്റെ ആത്മാവ് ശബ്ദിക്കുകയും ചെയ്യുന്ന മുഹൂർത്തം സമാഗതമായിരിക്കുന്നു.

ഭൂതകാലം അവസാനിച്ചിരിക്കുന്നു; ഭാവികാലം ഇപ്പോൾ നമ്മെ മാടിവിളിക്കുകയാണ്. ആ ഭാവി സ്വാസ്ഥ്യത്തിന്റെയോ വിശ്രമത്തിന്റെയോ അല്ല. നാം ഏറ്റെടുത്തിരുന്നതും ഇന്ന് ഏറ്റെടുക്കുന്നതുമായ പ്രതിജ്ഞയുടെ പാലനത്തിനുവേണ്ടിയുള്ള അവിച്ഛിന്നമായ പരിശ്രമത്തിന്റേതാണ്. ഇന്ത്യയെ സേവിക്കുക എന്നാൽ ദുരിതമനുഭവിക്കുന്ന ജനലക്ഷങ്ങളെ സേവിക്കുക എന്നാണർത്ഥം. പട്ടിണിയും അജ്ഞതയും രോഗങ്ങളും അസമത്വവും അവസാനിപ്പിക്കുക എന്നാണർത്ഥം. ഓരോ കണ്ണിലേയും കണ്ണുനീർ തുടയ്ക്കുക എന്നതാണ് നമ്മുടെ തലമുറയിലെ മഹാനായ മനുഷ്യന്റെ ആദർശം. അത് നമ്മുടെ കഴിവിന് അപ്പുറത്താകാമെങ്കിലും കണ്ണീരും ദുരിതങ്ങളും എപ്പോഴെല്ലാമുണ്ടോ അപ്പോൾ വരെയും നമ്മുടെ കർമ്മം അവസാനിക്കുകയില്ല.

അതിനാൽ നമ്മുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുംവരെ നാം അദ്ധ്വാനിക്കുകയും കർമ്മം നിർവ്വഹിക്കുകയും വേണം. ആ സ്വപ്നങ്ങൾ ഭാരതത്തിനുവേണ്ടിയുള്ളതാണ്. ലോകത്തിനുകൂടി ഉള്ളതാണ്. എല്ലാ രാഷ്ട്രങ്ങളും എല്ലാ ജനതയും തങ്ങളിൽ ആർക്കെങ്കിലും അകന്നു കഴിയണമെന്നു സങ്കൽപിക്കാൻ പോലും കഴിയാത്തവണ്ണം തമ്മിൽ ഇണക്കത്തോടെ ജീവിക്കുന്ന ഇന്നിനുവേണ്ടിയാണ്.

നിസ്സാരവും വിനാശകരവുമായ വിമർശനത്തിനുള്ള സമയമല്ലിത്. ദുഷ്ട മനോഭാവത്തിനും പരദൂഷണത്തിനും നമുക്കു സമയമില്ല. എല്ലാ സന്താനങ്ങൾക്കും പാർക്കുവാൻ കഴിയുന്ന സ്വതന്ത്ര ഇന്ത്യയുടെ അന്തസുറ്റ ഭവനം നാം നിർമ്മിക്കേണ്ടിയിരിക്കുന്നു”.

ജവഹർലാൽ നെഹ്റു സൂചിപ്പിച്ചതുപോലെ ഒരു സ്വതന്ത്ര ഭാരതത്തിന്റെ അന്തസുറ്റ ഭവന നിർമ്മിതിയിലാണ് നാം ഇന്നും എന്നും വ്യാപരിക്കേണ്ടത് എന്നു ഓർമ്മിപ്പിക്കട്ടെ. നൂറ്റാണ്ടുകൾക്കു മുമ്പ് യെരുശലേമിന്റെ തകർന്ന അവസ്ഥ കണ്ടിട്ട് നെഹമ്യാവ് നൽകിയതും ഒരു പുതിയ നിർമ്മിതിക്കു വേണ്ടിയുള്ള ആഹ്വാനമായിരുന്നുവല്ലോ. “യെരുശലേമിന്റെ മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു” (നെഹമ്യാവ് 1:3) എന്നു നെഹമ്യാവ് കേട്ടപ്പോൾ നെഹമ്യാവിന്റെ മനസ്സ് ദുഃഖസാന്ദ്രമാവുകയാണ്. നെഹമ്യാവിന്റെ കണ്ണുകൾ നിറയുകയാണ്. നെഹമ്യാവ് ഉപവസിച്ചു പ്രാർത്ഥിക്കുകയാണ്. അനുതാപ ഹൃദയത്തോടുകൂടി ദൈവസന്നിധിയിൽ നിലവിളിക്കുകയാണ്. ദൈവത്തോടു ആലോചന ചോദിച്ച് ദൈവഹിത പ്രകാരം യെരുശലേമിനെ പുതുക്കി പണിയുവാൻ സമർപ്പിതനായി ഇറങ്ങിത്തിരിച്ച നെഹമ്യാവ് നമുക്കൊരു മാതൃകയാണ്. അവിടെച്ചെന്ന് ജനത്തോടു നെഹമ്യാവ് പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്–“വരുവിൻ നാം ഇനിയും നിന്ദാപാത്രമായിരിക്കാതവണ്ണം യെരുശലേമിന്റെ മതിൽ പണിയുക” (നെഹമ്യാവ് 2:17) എന്നായിരുന്നു നെഹമ്യാവിന്റെ ആഹ്വാനം.

ദൈവത്തിലാശ്രയിച്ചുകൊണ്ടും ജനങ്ങളെയെല്ലാം ഒരുമിപ്പിച്ചു നിർത്തിക്കൊണ്ടും പ്രോത്സാഹനത്തിന്റെ ഊർജ്ജം പകർന്നു കൊടുത്തുകൊണ്ടുമാണ് നെഹമ്യാവ് ആ മഹത്തരമായ നിർമ്മിതിക്ക് നേതൃത്വം നൽകിയത്. ഇന്നത്തെ രാഷ്ട്രത്തിനും സഭയ്ക്കുമെല്ലാം ആവശ്യമായിരിക്കുന്നത് ഈയൊരു ദിശാബോധവും സമർപ്പണവുമാണ്. 2003 ൽ നമ്മുടെ രാജ്യസഭയുടെ ഇരുന്നൂറാം സമ്മേളനം ആഘോഷിച്ച വേളയിൽ രാജ്യസഭയിൽ ചെയ്ത പ്രസംഗത്തിൽ എങ്ങനെയാണ് ഒരു നവലോകം രൂപപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ച് അന്ന് ഇന്ത്യയുടെ പ്രസിഡണ്ടായിരുന്ന സർവ്വാദരണീയനായ ഡോ. എ. പി.ജെ. അബ്ദുൾ കലാം സൂചിപ്പിക്കുകയുണ്ടായി. അന്ന് അദ്ദേഹം ഒരു ദിവ്യ സ്തോത്രം ഉദ്ധരിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു –

> "എവിടെയാണോ ഹൃദയത്തിൽ ധാർമ്മികതയുള്ളത്
> അവിടെ സ്വഭാവത്തിന്റെ സൗന്ദര്യമുണ്ട്.
> സ്വഭാവത്തിലെ സൗന്ദര്യം എവിടെയുണ്ടോ
> അവിടെ ഭവനത്തിൽ ഐക്യമുണ്ട്.
> എവിടെയാണോ ഭവനത്തിൽ ഐക്യമുള്ളത്
> അവിടെ രാജ്യത്തിൽ ഒരു ക്രമമുണ്ടായിരിക്കും.
> എവിടെയാണോ രാജ്യത്തിൽ ക്രമമുള്ളത്
> അവിടെ ലോകത്തിൽ സമാധാനമുണ്ടായിരിക്കും"

ഹൃദയത്തിൽ ധാർമ്മികതയുള്ള വ്യക്തികളും ദൈവാലയത്തിന്റെ പരിശുദ്ധിയുള്ള ഭവനങ്ങളും രൂപപ്പെട്ടാൽ മാത്രമെ ഒരു ക്ഷേമ രാഷ്ട്രവും ഒരു നവലോകവും സൃഷ്ടിക്കാൻ കഴികയുള്ളൂ എന്ന തിരിച്ചറിവ് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

കേരളം ഓരോ വർഷവും ഓണം ആഘോഷിക്കുമ്പോൾ നന്മ നിറഞ്ഞ ഇപ്രകാരമുള്ള ഒരു കാലഘട്ടത്തെക്കുറിച്ചുള്ള ഓർമ്മകൾ വീണ്ടെടുക്കുകയും അതുപോലുള്ള ഒരു നല്ല കാലത്തെക്കുറിച്ച് സ്വപ്നം കാണുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഓരോ ഓണവും നാം ആഘോഷിക്കുമ്പോൾ സാഹോദര്യത്തിൽ അധിഷ്ഠിതമായ കള്ളവും ചതിവുമില്ലാത്ത സമത്വ സുന്ദരമായ ഒരു ലോകം സൃഷ്ടിക്കാനുള്ള പ്രതിബദ്ധത ഏറ്റെടുക്കുകയാണ് ചെയ്യുന്നത്.

ഈ ഭൂമിയിൽ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത് എന്ന ഉത്തമ ബോധ്യത്തോടുകൂടി ക്രിസ്തുയേശുവിൽ വസിച്ചുകൊണ്ട്, വചനത്തിൽ വേരൂന്നി വളർന്നുകൊണ്ട് ഒരു നവസമൂഹ സൃഷ്ടിയ്ക്കായുള്ള മഹത്തായ സുവിശേഷ യജ്ഞത്തിൽ പങ്കുചേരുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ശക്തീകരിക്കട്ടെ. നെഹമ്യാവിനെപ്പോലെ നമുക്ക് ദൈവസന്നിധിയിൽ പ്രാർത്ഥനയോടും വിനയത്തോടും സമർപ്പണത്തോടുംകൂടി നിന്ന് ഏക സ്വരത്തിൽ പറയാം –

"സ്വർഗ്ഗത്തിലെ ദൈവം ഞങ്ങൾക്ക് കാര്യം സാധിപ്പിക്കും;
ആകയാൽ അവന്റെ ദാസന്മാരായ ഞങ്ങൾ എഴുന്നേറ്റ് പണിയും".

*കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.*



**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

തിരുവല്ല
05-09-2017